**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4880** **02-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം-I** ആയി ചേർക്കുന്നു.<br><br>പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ **അനുബന്ധം-II** ആയി ചേർക്കുന്നു. |
| (ബി) | പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. ഡിജിറ്റലായി ബന്ധിപ്പിച്ച പട്ടികവർഗ്ഗ നഗറുകളുടെ ആരോഗ്യ ശാക്തീകരണം<br><br>2. കുടുംബം/സെറ്റിൽമെന്റ് അടിസ്ഥാനമായുള്ള മൈക്രോപ്ലാൻ നടപ്പിലാക്കൽ<br><br>3. ഉന്നതി വിദേശപഠനം സ്കോളർഷിപ്പ്<br><br>4. ട്രേസ് (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്)<br><br>5. വിംഗ്സ് പദ്ധതി<br><br>6. സിവിൽ സർവ്വീസ് പരിശീലനം<br><br>7. കാറ്റാടി (Kerala Accelerated Tribal Ability Development & Inclusion Initiative)<br><br>8. എ.ബി.സി.ഡി പ്രോജക്ട് (അക്ഷയ ബിഗ് ക്യാമ്പയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ) |

| | | | |
|---|---|---|---|
| | | | 9. സേഫ് പദ്ധതി (Secure Accommodation & Facility Enhancement)<br><br>10. ഹോം (Household Oriented Micro Planning for Empowerment)<br><br>11. വിദ്യാഭ്യാസം, തൊഴിൽ ശാക്തീകരണം<br><br>12. ഡിജിറ്റൽ പഠനം |
| (സി) | കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്രസർക്കാരിൽ നിന്നും പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി എത്ര തുക സാമ്പത്തിക സഹായമായി ലഭിച്ചിട്ടുണ്ടെന്നുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (സി) | കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്രസർക്കാരിൽ നിന്നും പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി സാമ്പത്തിക സഹായമായി ലഭിച്ച തുക സംബന്ധിച്ച കണക്കുകൾ **അനുബന്ധം-III** ആയി ചേർക്കുന്നു |
| (ഡി) | കഴിഞ്ഞ സാമ്പത്തിക വർഷം പട്ടികവർഗ്ഗ വകുപ്പിന് സംസ്ഥാന ബജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നുവെന്നും അതിൽ എത്ര ചെലവഴിച്ചുവെന്നുമുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (ഡി) | കഴിഞ്ഞ സാമ്പത്തിക വർഷം പട്ടികവർഗ്ഗ വകുപ്പിന് സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം - IV** ആയി ചേർക്കുന്നു |
| (ഇ) | പട്ടികവർഗ്ഗ വിഭാഗക്കാരായ സ്കൂൾ കുട്ടികൾക്കും കോളേജ് വിദ്യാർത്ഥികൾക്കും ഉന്നത വിദ്യാഭ്യാസം ചെയ്യുന്ന വിദ്യാർത്ഥികൾക്കും വേണ്ടി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കാമോ? | (ഇ) | പട്ടികവർഗ്ഗ വിഭാഗക്കാരായ സ്കൂൾ കുട്ടികൾക്കും കോളേജ് വിദ്യാർത്ഥികൾക്കും ഉന്നത വിദ്യാഭ്യാസം ചെയ്യുന്ന വിദ്യാർത്ഥികൾക്കും വേണ്ടി നടപ്പിലാക്കി വരുന്ന പദ്ധതികൾ **അനുബന്ധം-V** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

**പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ**

അടിസ്ഥാന ജനവിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസനില മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾക്ക് കേരള സർക്കാർ സവിശേഷമായ പരിഗണന നൽകുന്നുണ്ട്. പട്ടിക വിഭാഗത്തിലും പിന്നോക്ക വിഭാഗത്തിലുമുള്ള ജനങ്ങളുടെ സമസ്ത മേഖലയിലുമുള്ള ഉയർച്ചയ്ക്ക് വേണ്ടിയുള്ള പ്രായോഗിക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗ വികസന വകുപ്പുകളുടെ വികസന, വിദ്യാഭ്യാസ ക്ഷേമ പ്രവർത്തനങ്ങളെ "ഉന്നതി"എന്ന പേരിൽ ഏകോപിപ്പിച്ചിരിക്കുകയാണിപ്പോൾ. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെയും പ്രധാനമായും അഞ്ച് വിഭാഗങ്ങളിൽ ഉൾപ്പെടുത്താം.

1. വിദ്യാഭ്യാസ പദ്ധതികൾ
2. സാമ്പത്തിക വികസന പദ്ധതികൾ
3. സാമൂഹ്യക്ഷേമ പദ്ധതികൾ
4. സാംസ്കാരിക പരിപാടികൾ
5. നിയമാധിഷ്ഠിത സേവനങ്ങൾ

### 1. വിദ്യാഭ്യാസ പദ്ധതികൾ

പട്ടികജാതി വികസന വകുപ്പിന്റെ പ്രധാന മേഖല വിദ്യാഭ്യാസ പുരോഗതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ്. വിദ്യാഭ്യാസ പുരോഗതിയിലൂടെ മാത്രമേ ഒരു സമൂഹം ശാശ്വതമായി വളരുകയുള്ളു എന്നതിന്റെ അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

### 1. പ്രീ പ്രൈമറി വിദ്യാഭ്യാസം

നഴ്സറി കുട്ടികൾക്ക് പ്രതിദിന ഫീഡിങ് ചാർജ്ജും യൂണിഫോമും അടങ്ങുന്ന പഠനസാമഗ്രികൾ നൽകുന്നു.

### 2. പ്രീമെട്രിക് വിദ്യാഭ്യാസം (1 മുതൽ 10 വരെ)

(i) സ്റ്റേറ്റ് പ്രീമെട്രിക് സ്കോളർഷിപ്പ്

1 മുതൽ 10 വരെ ക്ലാസ്സുകളിൽ സർക്കാർ/ എയിഡഡ്/ സർക്കാർ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അധ്യയന വർഷാരംഭത്തിൽ ലംപ്സം ഗ്രാന്റ്, 1 മുതൽ 8 വരെ ക്ലാസ്സുകളിൽ സർക്കാർ/ എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന പ്രോത്സാഹനം എന്ന നിലയിൽ പ്രാഥമിക പഠനാവശ്യങ്ങൾ നിർവഹിക്കുവാൻ പ്രൈമറി / സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്, പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളിൽ പെട്ട 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റ്, സംസ്ഥാനത്തെ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പത്താം ക്ലാസ് വരെ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ട്യൂഷൻഫീസ് റീ-ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

ii) സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്

9, 10 ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ആരോഗ്യഹാനിക്കിടയാകുന്ന ശുചീകരണ ജോലികളിൽ ഏർപ്പെടുന്നവരുടെ ആശ്രിതർക്കുള്ള സ്കോളർഷിപ്പ് എന്നിവ നൽകി വരുന്നു.

**3. മികച്ച പഠന നിലവാരം പുലർത്തുന്ന വിദ്യാർത്ഥികൾക്ക് ശ്രീ അയ്യൻകാളി മെമ്മോറിയൽ ടാലെന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് സ്കോളർഷിപ്പ്**

**4.പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്**

സർക്കാർ/ എയ്ഡഡ്/ സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങൾ, ദേശീയപ്രാധാന്യമുള്ള സ്ഥാപനങ്ങൾ, ഡീംഡ് യൂണിവേഴ്സിറ്റികൾ, സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥപനങ്ങളിലെ എല്ലാ അംഗീകൃത കോഴ്സുകൾക്കും മെറിറ്റ് റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്ന പട്ടികജാതി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നു.

**5. പ്രത്യേക പ്രോത്സാഹന സമ്മാനം (Special Incentive Scheme for SC students)**

വിവിധ വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടുന്ന പട്ടികജാതി വിദ്യാർഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.

**6. പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം**

സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിൽ പ്ലസ്ടു, ഡിഗ്രി, പി. ജി. കോഴ്സുകളിൽ പ്രവേശനം ലഭിക്കാത്ത പട്ടികജാതി വിദ്യാർത്ഥികൾക്ക് പാരലൽ കോളേജ് പഠനത്തിന് റെഗുലർ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ നിരക്കിൽ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ അനുവദിക്കുന്നു. കൂടാതെ ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ് എന്നിവയും നൽകുന്നു.

**7. ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം**

പട്ടികജാതി വികസന വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം നൽകുന്ന ബി.ടെക്, എം.ടെക്, എം.സി.എ, പോളിടെക്നിക്ക്, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ സയൻസ്, ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്, എം.എസ്.സി കമ്പ്യൂട്ടർ സയൻസ്, എം എസ് സി, ഇലക്ട്രോണിക്സ്, എം.ബി.ബി.എസ്, ബി.ഡി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ്, ബി.വി.എസ്.സി ആന്റ് എ.എച്ച്, ബി.ആർക്ക്, എം.ഫിൽ, പി.എച്ച്.ഡി, പോളിടെക്നിക്ക്, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി, ഹാർഡ് വെയർ മെയിന്റനൻസ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനായി 25,000/- വരെ ധനസഹായം അനുവദിക്കുന്നു.

**8. സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് ധനസഹായം**

ഒന്നാം വർഷ എം.ബി.ബി.എസ്, ബി.ഡി.എസ് വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് ധനസഹായമായി 5800/- രൂപ നൽകുന്നു.

**9. ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്**

പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് വിദേശ സർവകലാശാലയിൽ ചേർന്നു പഠിക്കുന്നതിന് അവസരമൊരുക്കുന്ന പദ്ധതിയാണത്. വിദേശ പഠനത്തിന് പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക്, സ്കോളർഷിപ്പ് ഡയറക്ടറേറ്റ് തലത്തിൽ അനുവദിക്കുന്നു. ഈ പദ്ധതിപ്രകാരം 25,00,000/- രൂപ വരെ ധനസഹായം നൽകുന്നു.

**10. എഞ്ചിനീയറിംഗ്, മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാൻറ്**

എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാഥമിക ചെലവുകൾക്ക് തുക അനുവദിക്കുന്നു. മെഡിക്കൽ കോഴ്സുകൾക്ക് രൂ.10,000/-, എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് രൂ 5,000/- നിരക്കിൽ തുക അനുവദിക്കുന്നു. വരുമാന പരിധി 1 ലക്ഷം രൂപ. ഇ-ഗ്രാന്റ്സ് പ്രൊഫൈൽ മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണം.

### 11. വിംഗ്സ്

തിരുവനന്തപുരത്തുള്ള രാജീവ് ഗാന്ധി ഏവിയേഷൻ അക്കാഡമിയിൽ പൈലറ്റ് പരിശീലന കോഴ്സിൽ പ്രവേശനം നേടുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് വിംഗ്സ്.

### 12. പഠനയാത്ര പര്യടന പരിപാടി

സംസ്ഥാനത്ത് ഹയർ സെക്കണ്ടറി, ബിരുദം, ബിരുദാനന്തര ബിരുദം. പ്രൊഫഷണൽ കോഴ്സുകൾ എന്നിവ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പഠനയാത്രയിൽ പങ്കെടുക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കുള്ള പരമാവധി ചെലവ് 4000 രൂപയായി നിജപ്പെടുത്തി ധനസഹായം നൽകുന്നു.

### 13. ബിരുദ/ബിരുദാനന്തര ബിരുദ കലാകോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന പരിശീലനോപകരണങ്ങൾ/ ഉപാധികൾ വാങ്ങുന്നതിന് ധനസഹായം

കലാവിഷയത്തിൽ കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികൾ നടത്തുന്ന കോഴ്സുകൾ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അവരുടെ പഠനത്തിനാവശ്യമായ ഉപകരണങ്ങൾ/ ആടയാഭരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകുന്നു.

### 14. മോഡൽ റസിഡൻഷ്യൽ സ്കൂൾ

5-ാം ക്ലാസ്സ് മുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനായി വകുപ്പിന് കീഴിൽ 11 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു.

### 15. പ്രീമെട്രിക് ഹോസ്റ്റലുകൾ

ബ്ലോക്ക് / മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയ്ക്ക് കൈമാറിയ 85 ഹോസ്റ്റലുകൾ വിവിധ ജില്ലകളിലായി പ്രവർത്തിച്ചുവരുന്നു. ഈ ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് രണ്ട് സെറ്റ് യൂണിഫോം, ഭക്ഷണം, ചെരുപ്പ്, ബാഗ്, പ്രതിമാസ പോക്കറ്റ് മണി 200/- രൂപ, അവധി ദിവസങ്ങളിൽ വീട്ടിൽ പോയിവരുന്നതിന് യാത്രാപ്പടി എന്നീ ആനുകൂല്യങ്ങൾ നൽകുന്നു.

### 16. മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം (വിഷൻ 2013)

### 17. ശ്രീ അയ്യൻകാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്പോട്സ് സ്കൂൾ തിരുവനന്തപുരം

കായിക മേഖലയിൽ മികവു പുലർത്തുന്ന കുട്ടികൾക്ക് 5-ാ ം ക്ലാസ്സ് മുതൽ പ്രത്യേക പരിശീലനം നൽകുന്നു.

### 18. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

പോസ്റ്റ് മെട്രിക് കോഴ്സുകൾ പഠിക്കുന്നവർക്ക് വേണ്ടി 19 ഹോസ്റ്റലുകൾ വകുപ്പ് നേരിട്ട് നടത്തുന്നു.

**19. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (ഐ.ടി.ഐ.കൾ)**

വകുപ്പിന് കീഴിൽ വിവിധ ജില്ലകളിലുള്ള 44 ഐ.ടി.എ കളിലായി എൻ.സി..വി.റ്റി അംഗീകാരമുള്ള ഇലക്ട്രീഷൻ, ഇലക്ട്രോണിക്സ് മെക്കാനിക്, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, മെക്കാനിക് (മോട്ടോർ വെഹിക്കിൾ), പെയിന്റർ (ജനറൽ), പ്ലംബർ, കാർപെന്റർ, സ്വിയിംഗ് ടെക്നോളജി, വെൽഡർ, സർവ്വേയർ, ഡ്രൈവർ കം മെക്കാനിക് എന്നീ ട്രേഡുകളിൽ പരിശീലനം നൽകുന്നു.

**20. കമ്മ്യൂണിറ്റി കോളേജ് പാലക്കാട്**

പാലക്കാട് ജില്ലയിലെ വടക്കഞ്ചേരിയിലുള്ള കമ്മ്യൂണിറ്റി കോളേജിൽ സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ പ്രസിഷൻ മെഷിനിസ്റ്റ് എന്ന ആധുനിക ഹൈടെക് കോഴ്സിൽ രണ്ട് ബാച്ചിലായി 40 പേർക്ക് പരിശീലനം നൽകുന്നു. എസ്.എസ്.എൽ.സി / +2 എന്നിവ പാസായവർക്ക് അപേക്ഷിക്കാവുന്നതാണ്.

**21. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, പാലക്കാട്**

പട്ടികജാതി വിഭാഗത്തിൽ പെട്ട് 70 വിദ്യാർത്ഥികൾ ഉൾപ്പെടെ 100 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിന് 500 കിടക്കകളും വിവിധ വിഭാഗങ്ങളിലുമായി 21 ചികിത്സായൂണിറ്റുകളുമുള്ള ഒരു മെഡിക്കൽ കോളേജ് പാലക്കാട് 2014-15 ൽ ആരംഭിച്ചു. മെഡിക്കൽ കോളേജിനോട് അനുബന്ധിച്ച് പാരാമെഡിക്കൽ കോഴ്സുകളും, ലബോറട്ടികളും ആശുപത്രിയിലേക്ക് ആവശ്യമായ സാധനങ്ങളുടെയും ചെറിയ ഉപകരണങ്ങളുടെയും മരുന്നുകളുടെയും ഉൽപാദക യൂണിറ്റുകളും ഗവേഷണ വികസന സംരംഭങ്ങളും ആരംഭിക്കുന്നതാണ്.

**22. പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ (PETC)**

വിവിധ മത്സര പരീക്ഷകൾക്ക് പട്ടിക ജാതി വിഭാഗം ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിന് സംസ്ഥാനത്ത് 4 പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സ്റ്റൈപ്പന്റോടു കൂടിയ പരിശീലനം.

**23 ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി തിരുവനന്തപുരം.**

തിരുവനന്തപുരത്ത് മണ്ണന്തലയിൽ സ്ഥിതിചെയ്യുന്ന അംബേദ്കർ ഭവനിലാണ് സ്ഥാപനം പ്രവർത്തിച്ചു വരുന്നത്. പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷ പരിശീലനം നടത്തിവരുന്നു. ഈ പരിശീലന പരിപാടി ലക്ഷ്യ സ്കോളർഷിപ്പ് എന്ന പേരിൽ അറിയപ്പെടുന്നു.

**സാമ്പത്തിക വികസന പദ്ധതികൾ**

**1. കേരള എംപവർമെന്റ് സൊസൈറ്റി**

സാമൂഹിക സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിനാവശ്യമായ രീതിയിൽ വിദ്യാഭ്യാസം, നൈപുണ്യവികസനം, തൊഴിലവസരങ്ങൾ എന്നിവ നൽകി പട്ടികജാതി പട്ടികവർഗ വിഭാഗക്കാരെ ഒരേ സമയം തൊഴിൽ സംരംഭകരും തൊഴിൽ ദാതാക്കളുമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള എംപവർമെന്റ് സൊസൈറ്റി പ്രവർത്തിക്കുന്നത്.

**2. സ്വയംതൊഴിൽ പദ്ധതി**

വ്യക്തികൾക്ക് 3 ലക്ഷം വരെയുള്ള വായ്പകൾക്ക് വായ്പ തുകയുടെ 1/3 സബ്സിഡി നൽകുന്ന പദ്ധതി ബാങ്കുകളുമായി ചേർന്ന് നടപ്പിലാക്കുന്നു. ബാങ്ക് അംഗീകരിക്കുന്ന ഏത് സ്വയം തൊഴിൽ സംരംഭവും തുടങ്ങാം.

### 3. അഭിഭാഷകർക്ക് ധനസഹായം

നിയമ വിദ്യാഭ്യാസം കഴിഞ്ഞ് എൻറോൾ ചെയ്ത് അഭിഭാഷകനായി പരിശീലനം ചെയ്യുന്നതിന് 3 വർഷത്തേയ്ക്ക് ധനസഹായം നൽകുന്നു.

### 4. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രൻറിസ്ഷിപ്പ്

ഐ.ടി.ഐ ഡിപ്ലോമ എഞ്ചിനീയറിംഗ്, ഡിഗ്രി എന്നിവ പാസായവർക്ക് അപ്രൻറിസ്ഷിപ്പ്, അപേക്ഷകർ അതാത് ജില്ലാ പട്ടികജാതി വികസന ഓഫീസുകളിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പ്രതിമാസ സ്റ്റൈപന്റ് 5,700/- രൂപ

### 5. ടൂൾ കിറ്റ്

വകുപ്പിന്റെ ഐ.ടി.ഐകളിൽ വിവിധ ട്രേഡുകളിൽ വിജയകരമായി പരിശീലനം പൂർത്തീകരിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി പണിയായുധങ്ങൾ വാങ്ങുന്നതിന് ഗ്രാന്റ് നൽകുന്നു. അപേക്ഷകൾ അതാത് ഐ.റ്റി.ഐ സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

### 6. ഉല്പന്ന പ്രദർശന വിപണന മേള (ഗദ്ദിക)

അന്യം നിന്നുകൊണ്ടിരിക്കിന്ന ഗോത്ര വർഗ്ഗ പൈതൃകവും തനത് കലകളും സംരക്ഷിക്കുന്നതിനും പരമ്പരാഗത ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനായി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കിർത്താഡ്സിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സംസ്ഥാനാടിസ്ഥാനത്തിൽ ഒരു വർഷം 2 സ്ഥലങ്ങളിലായി സംഘടിപ്പിക്കുന്ന ഉൽപ്പന്ന പ്രദർശന വിപണന മേളയാണിത്.

### 7. വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക ധനസഹായം

അഭ്യസ്തവിദ്യരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യവും പരിശീലനവും ലഭിച്ച പട്ടികജാതി യുവതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും വിസ സംബന്ധമായ ചെലവുകൾക്കുമായി 1,00,000/- രൂപ വരെ ധനസഹായം നൽകുന്നു.

### 8. സ്വാശ്രയ സംഘങ്ങൾക്കും വനിതാ സംഘങ്ങൾക്കും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി

പത്തോ അതിൽ കൂടുതലോ പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള സ്വാശ്രയ സംഘങ്ങൾക്കും 80 ശതമാനമോ അതിനുമുകളിലോ പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള വനിതാ സ്വാശ്രയ സംഘങ്ങൾക്കും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 75 ശതമാനം തുക (പരമാവധി 10 ലക്ഷം രൂപ) സംഘങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഈ പദ്ധതി പ്രകാരം അനുവദിച്ച് നൽകുന്നു.

## III സാമൂഹ്യക്ഷേമ പദ്ധതികൾ

### 1. വിവാഹ ധനസഹായം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 1,25,000/- രൂപ വിവാഹ ധസഹായമായി നൽകുന്നു.

### 2. മിശ്ര വിവാഹിതർക്ക് ധനസഹായം

മിശ്ര വിവാഹിതരായ ദമ്പതിമാർക്ക് (ഒരാൾ പട്ടികജാതിയിൽ പെട്ടയാളും പങ്കാളി പട്ടിക ഇതര സമുദായത്തിൽപ്പെട്ടയാളുമായിരിക്കണം) വിവാഹത്തെത്തുടർന്ന് ഉണ്ടായേക്കാവുന്ന സമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി

75,000/- രൂപ വരെ ധനസഹായമായി നൽകുന്നു. വിവാഹ ശേഷം ഒരു വർഷം കഴിഞ്ഞ് മൂന്നു വർഷത്തിനകം അപേക്ഷിക്കണം. വരുമാന പരിധി 1,00,000/- രൂപ.

**3. ഭൂരഹിത പുനരധിവാസ പദ്ധതി**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ കുടുബങ്ങൾക്ക് ഗ്രാമപ്രദേശത്ത് കുറഞ്ഞത് 5 സെൻറ് ഭൂമിയും മുനിസിപ്പൽ കോർപറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെൻറ് ഭൂമിയും വാങ്ങുന്നതിന് ഗ്രാമ / മുനിസിപ്പൽ/കോർപ്പറേഷനുകളിൽ യഥാക്രമം 3,75,000/-, 4,50,000/-,6,00,000/- രൂപ ഗ്രാൻറായി അനുവദിക്കുന്നു.

**4. സേഫ് പദ്ധതി**

(SAFE- Secure Accommodation and Facility Enhancement)

പട്ടികജാതി വിഭാഗക്കാരുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ടുകൊണ്ട് 2022-23 സാമ്പത്തിക വർഷം മുതൽ സേഫ് പദ്ധതി നടപ്പിലാക്കി വരുന്നു.

**5. ആരോഗ്യ സുരക്ഷ പദ്ധതി - ചികിത്സാ ധനസഹായം (T-Grantz)**

മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ട വരുമായ 1,00,000/- രൂപയിൽ താഴെ വാർഷികവരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപെട്ടവർക്ക് ആരോഗ്യ സുരക്ഷ പദ്ധതി പ്രകാരം 50,000/- രൂപ വരെ ചികിത്സാധനസഹായം അനുവദിക്കുന്നു.

**6. പഠനമുറി**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗവൺമെന്റ് / എയ്ഡഡ്/ സ്പെഷ്യൽ ടെക്നിക്കൽ സ്കൂളിൽ 5, 6, 7, 8, 9, 10, 11, 12 ക്ലാസുകളിൽ പഠിക്കുന്ന 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ള വാസയോഗ്യമായ വീടുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കുന്നതിനായി 120 ചതുരശ്ര അടി വിസ്തൃതിയുള്ള പഠനമുറി അനുബന്ധ സൗകര്യങ്ങളോടെ നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ ധനസഹായം നൽകുന്നു.

**7. ഏക വരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായം**

പട്ടികജാതി കുടുംബങ്ങളിലെ ഏകവരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ കുടുംബങ്ങൾക്ക് ധനസഹായമായി 2,00,000/- രൂപ നൽകുന്നു.

**8. വിജ്ഞാൻവാടി**

പട്ടികജാതി വിദ്യാർത്ഥികളുടെയും യുവാക്കളുടേയും ഉന്നമനം ലക്ഷ്യമാക്കി ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സര പരീക്ഷകൾക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും സഹായകമാകുന്ന കേന്ദ്രങ്ങളാണ് വിജ്ഞാനവാടികൾ.

**9. TRACE (Training for Career Excellence)**

അഭ്യസ്തവിദ്യരായ പട്ടികജാതി വിഭാഗക്കാരെ തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനും പ്രവർത്തി പരിചയത്തിനുമായി വിവിധ സർക്കാർ വകുപ്പുകളിൽ രണ്ട് വർഷത്തേയ്ക്ക് നിയമിക്കുന്നതിനുള്ള പദ്ധതിയാണിത്.

**10. സേവ് ക്ലബുകൾ (SAVE- Social Action and Voluntary Education)**

സാമൂഹ്യ തിന്മകൾക്കെതിരെ പോരാടുന്നതിനും സാമൂഹിക സുരക്ഷിതത്വവും വിദ്യാഭ്യാസവികസനവും ഉറപ്പാക്കുന്നതിനു വേണ്ടി രൂപീകരിച്ച കൂട്ടായ്മയാണിത്.

**11. ഹോം പദ്ധതി (HOME-Household Orientend Micro Planning for Empowerment)**

പട്ടികജാതിയിൽ അതിദുർബലരായി പരിഗണിക്കുന്ന അരുന്ധതിയാർ, ചക്ലിയൻ, നായാടി, കള്ളാടി, വേടൻ എന്നീ അഞ്ച് സമുദായങ്ങളിൽപ്പെട്ട കുടുംബങ്ങളുടെ സാമൂഹ്യ, വിദ്യാഭ്യാസ,

സാമ്പത്തികപരമായ ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹോം. വികസന ക്ഷേമ പദ്ധതി വിഭാവനം ചെയ്യുന്നതിനും നിർവ്വഹിക്കുന്നതിനും ജനപ്രതിനിധികളുടെയും വിവിധ വകുപ്പുകളുടെയും തദ്ദേശ സ്ഥാപനങ്ങളുടെയും സഹകരണം ഹോം പദ്ധതി ലക്ഷ്യമിടുന്നു.

### 12. ദുർബലവിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി

### 13. ഹോമിയോ ഹെൽത്ത് സെന്റർ

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 29 പട്ടികജാതി സങ്കേതങ്ങളോടനുബന്ധിച്ച് ഹോമിയോ ഹെൽത്ത് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. രണ്ടര കിലോമീറ്റർ ചുറ്റളവിൽ മറ്റ് ആരോഗ്യപരിപാലനകേന്ദ്രങ്ങളില്ലാത്ത പട്ടികജാതി സങ്കേതങ്ങളാണ് ഇതിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ളത്.

### 14 അംബേദ്ക്കർ ഗ്രാമം പദ്ധതി

ഓരോ നിയോജക മണ്ഡലത്തിലുള്ള അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നതും 25 ലോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് ഓരോ സങ്കേതങ്ങളിലും ഓരോ കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഓരോ സങ്കേതത്തിൻറേയും വികസനാവശ്യങ്ങൾ വിലയിരുത്തിയാണ് പദ്ധതി നിർവ്വഹണം നടപ്പാക്കുന്നത്.

## IV സാംസ്കാരിക പരിപാടികൾ

### 1. നാടൻ കലാമേള (ഗദ്ദിക)

പട്ടികജാതി പട്ടികവർഗക്കാരുടെ തനതുകലകളെ പരിപോഷിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി ഉൽപ്പന്ന പ്രദർശന വിപണനമേളയും കലാമേളയും സംഘടിപ്പിക്കുന്നു. പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ വികസന വകുപ്പുകളുടേയും കിർത്താഡ്സിന്റെയും സംയുക്താഭിമുഖ്യത്തിലാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്. സംസ്ഥാന അടിസ്ഥാനത്തിൽ ഒരു വർഷം രണ്ടു സ്ഥലങ്ങളിലായി പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

### 2. സർഗ്ഗോത്സവം

സംസ്ഥാന സ്കൂൾ കലോത്സവം / സ്പെഷ്യൽ സ്കൂൾ കലോത്സവം എന്നിവയിൽ എ ഗ്രേഡ് നേടിയ പട്ടികജാതിയിൽപ്പെട്ട കലാപ്രതിഭകൾ 10,000/രൂപ പ്രോത്സാഹനമായി നൽകുന്ന പദ്ധതി.

### 3. ഡോ.ബി ആർ. അംബേദ്ക്കർ മാധ്യമ അവാർഡ്

പട്ടികവിഭാഗത്തിൽ ഉൾപ്പെടുന്ന സമുദായങ്ങളെ സംബന്ധിക്കുന്ന ഏറ്റവും മികച്ച മാധ്യമ റിപ്പോർട്ടുകൾക്കും, ഫീച്ചറുകൾക്കും ഡോ.ബി ആർ അംബേദ്ക്കർ മാധ്യമ അവാർഡ് നൽകുന്നു . അച്ചടി, ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലെ മികച്ച റിപ്പോർട്ടുകൾക്കാണ് അവാർഡ്. അച്ചടി മാധ്യമങ്ങളിലെ റിപ്പോർട്ടിന് 30,000 /- രൂപയും ഫലകവും ദൃശ്യ മാധ്യമങ്ങളിലെ റിപ്പോർട്ടിന് 30,000/- രൂപയും ഫലകവും, റേഡിയോ റിപ്പോർട്ടിന് 15,000/- രൂപയും ഫലകവുമാണ് അവാർഡായി നൽകുന്നത്. ഡോ.ബി.ആർ. അംബേദ്ക്കറുടെ ചരമദിനമായ ഡിസംബർ 6 നാണ് അവാർഡുകൾ വിതരണം ചെയ്യുന്നത്.

### 4. സാഹിത്യ കൃതികൾ പ്രസിദ്ധീകരിക്കുന്നതിന് ധനസഹായം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഴുത്തുകാരുടെ കൃതികൾ പുസ്തകരൂപത്തിൽ അച്ചടിക്കുന്നതിന് 40,000/- രൂപ വരെ ധനസഹായം അനുവദിക്കുന്നു.

### 5. ഉന്നതി മാസിക

പട്ടികജാതി പട്ടികവർഗ വികസന വകുപ്പുകളുടെ പ്രവർത്തനങ്ങൾ സാധാരണ ജനങ്ങളിൽ എത്തിക്കുന്നതിനും പട്ടികജാതിവിഭാഗക്കാരുടെ സർഗ്ഗവാസനകളെ പ്രോൽസാഹിപ്പിക്കുന്നതിനുമായി ഉന്നതി ദ്വൈമാസിക വകുപ്പ് പ്രസിദ്ധീകരിക്കുന്നു.

### 6 . സാഹിത്യ ശില്പശാല

പട്ടികജാതി പട്ടികവർഗ വിഭാഗത്തിലും ഇതരവിഭാഗത്തിലും പെട്ട സാഹിത്യകാരന്മാരുടെ സാഹിത്യവാസന പരിപോഷിപ്പിക്കുന്നതിനായി വർഷംതോറും മൂന്നുദിവസം നീണ്ടുനിൽകുന്ന സാഹിത്യശില്പശാല സംഘടിപ്പിക്കുന്നു.

## V നിയമാധിഷ്ഠിത സേവനങ്ങൾ

### 1. 1995 ലെ പൗരാവകാശ സംരക്ഷണ നിയമം

പട്ടികജാതിക്കാരുടെ പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊട്ടുകൂടായ്മ അടക്കമുള്ള അനാചാരങ്ങൾക്കെതിരെ ബോധവത്കരണം നടത്തുന്നതിനും പൗരാവകാശ സംരക്ഷണ നിയമ പ്രകാരം തുക ചെലവഴിക്കുന്നു.

### 2. 1989 ലെ അതിക്രമം തടയൽ നിയമം

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 17-ൽ പറയുന്ന "Abolition of untouchability" (തൊട്ടു കൂടായ്മ നിർത്തലാക്കൽ) എന്നതിനെ അടിസ്ഥാനമാക്കി ഇന്ത്യൻ പാർലമെൻറ് 11-09-1989-ൽ പാസ്സാക്കി 10-01-1990 മുതൽ നിലവിൽ വന്ന നിയമമാണ് പട്ടികജാതി/പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) നിയമം 1

### 3. (JWALA- Justice, Welfare and Legal Assistance)

പട്ടികജാതി അതിക്രമ നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഫലമായി പരാതി സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള സംവിധാനമാണ് ജ്വാല. ആശ്വാസ ധനസഹായം യഥാസമയം ലഭ്യമാക്കുന്നതിനും ആവശ്യമായ നിയമ സഹായം ചെയ്യുന്നതിനും ബന്ധപ്പെട്ട നിയമങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമാണ് ഈ സംവിധാനം ഒരുക്കിയിട്ടുള്ളത്.

# <u>അനുബന്ധം-II</u>

പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

## <u>വിദ്യാഭ്യാസം</u>

### 1. <u>വിദ്യാർത്ഥികൾക്ക് പ്രോത്സാഹനവും സഹായവും</u>

ഒരു കടക്കീഴിൽ വരുന്ന പദ്ധതിയിൽ അഞ്ച് ഉപപദ്ധതികളാണുള്ളത്.

**(I) <u>സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം</u>**

അക്കാദമിക് തലങ്ങളിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള ഉപപദ്ധതിയാണിത്.

**(II) <u>അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ്</u>**

അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ പഠിക്കുന്ന തെരഞ്ഞെടുത്ത പ്രതിഭാധനരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് (ഡേ സ്കോളർമാർ) അവരുടെ പഠന മികവിനും പാഠ്യേതര പ്രവർത്തനങ്ങൾക്കുമായി തുടർച്ചയായി സഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**(III) <u>സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പഠന യാത്രയ്ക്കുള്ള സഹായം</u>**

പ്ലസ് വണ്ണിൽ എല്ലാ വിഷയങ്ങളും വിജയിക്കുകയും പ്ലസ് ടു കോഴ്സുകളിൽ തുടരുകയും ചെയ്യുന്ന വിദ്യാർത്ഥികൾ, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ എന്നിവർക്ക് അവർ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി നടത്തുന്ന പഠനയാത്രയ്ക്കും വിനോദയാത്രയ്ക്കും വേണ്ടിയുള്ള സാമ്പത്തിക സഹായം ഈ ഉപപദ്ധതി വഴി നൽകുന്നു.

**(IV) <u>അനാഥരായ കുട്ടികൾക്കുള്ള സഹായം</u>**

രക്ഷിതാക്കൾ സംരക്ഷിക്കാനില്ലാത്ത പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകി സാമൂഹിക സുരക്ഷ ഉറപ്പാക്കുകയാണ് ഈ ഉപപദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ കുട്ടികൾ പ്രായപൂർത്തിയാവുന്നതുവരെയോ വരുമാനം സമ്പാദിക്കാൻ പ്രാപ്തരാകുന്നതുവരെയോ വിദ്യാഭ്യാസത്തിനും ജീവിതത്തിനുമുള്ള സഹായം ഈ പദ്ധതി മുഖേന നല്കുന്നു. സർക്കാർ നിശ്ചയിക്കുന്ന നിരക്കിനനുസരിച്ചായിരിക്കും ധനസഹായം അനുവദിക്കുന്നത്.

**(V) <u>വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം</u>**

അംഗീകൃത സർവ്വകലാശാലകളിലെ/സ്ഥാപനങ്ങളിലെ പ്ലസ്ടുവിന് മുകളിലുള്ള ഉന്നത വിദ്യാഭ്യാസ കോഴ്സുകളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകിക്കൊണ്ട് ഐ.ടി മേഖലയിലെ ഡിജിറ്റൽ ഡിവൈഡ് ലഘൂകരിക്കലാണ് ഈ ഉപപദ്ധതി ലക്ഷ്യം വയ്ക്കുന്നത്.

## 2. പട്ടികവർഗ്ഗ വിഭാഗക്കാർക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ

### (i) മോഡൻ പ്രീ സ്കൂളുകളുടെ നടത്തിപ്പ്

പട്ടികവർഗ്ഗ മേഖലകളിൽ കുട്ടികളിൽ പോഷകാഹാരക്കുറവ്, വളർച്ചക്കുറവ്, പഠന പ്രശ്നങ്ങൾ എന്നീ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പദ്ധതിയിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം തുടരുന്നതിന് 2, 3 ക്ലാസുകളിൽ എത്തുമ്പോൾ ഹോസ്റ്റൽ സൗകര്യം നൽകുന്നതാണ്. കൂടാതെ, മാതൃകാ പ്രീസ്കൂൾ അധ്യാപകർക്കും ആയമാർക്കും വാർഷിക പരിശീലനം, ആവശ്യമായ പുസ്തകങ്ങൾ, സ്റ്റേഷനറി സാധനങ്ങൾ, കളിപ്പാട്ടങ്ങൾ, ഓഡിയോ വിഷ്വൽ സംവിധാനം എന്നിവ വാങ്ങൽ, കളിസ്ഥലം, ടോയ്‌ലറ്റ് എന്നിവയുടെ നിർമ്മാണം എന്നിവക്കും ഈ പദ്ധതിയിലെ തുക വിനിയോഗിക്കാവുന്നതാണ്.

### (II) വിദ്യാർത്ഥികൾക്കായുള്ള ട്യൂട്ടോറിയൽ പദ്ധതി

ഹൈസ്കൂളിലും, പതിനൊന്നാം ക്ലാസിലും, പന്ത്രണ്ടാം ക്ലാസിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകി വിജയ ശതമാനം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

### (III) വിദ്യാവാഹിനി

പട്ടികവർഗ്ഗ വിദ്യാർത്ഥികൾ സ്കൂളുകളിൽ എത്താത്തതിന്റെ പ്രധാന കാരണം പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ ഭൂരിഭാഗവും ഉൾക്കാടുകളിലും അപ്രാപ്യമായ പ്രദേശങ്ങളിലായതുകൊണ്ടും ഗതാഗത സൗകര്യങ്ങളുടെ അഭാവത്താലുമാണ്. എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും കുട്ടികൾക്കും സാർവത്രിക പ്രാഥമിക വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനും പട്ടികവർഗ്ഗ കുട്ടികളുടെ സ്കൂളിലെ റിറ്റൻഷൻ ഉറപ്പാക്കുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പ് വിദ്യാവാഹിനി (ഗോത്രസാരഥി) എന്ന പദ്ധതി പട്ടികവർഗ്ഗ മേഖലകളിൽ നടപ്പാക്കി വരുന്നു.

### (IV) സാമൂഹ്യപഠനമുറി (പട്ടികവർഗ്ഗ സങ്കേതങ്ങളിൽ കമ്മ്യൂണിറ്റി സ്റ്റഡിസെന്റർ)

പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ ട്യൂഷൻ സമ്പ്രദായത്തോടുകൂടിയ പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനാണ് സാമൂഹ്യ പഠനമുറികൾ ആരംഭിച്ചത്. ഈ വിഭാഗത്തിൽപ്പെട്ട വിദ്യാസമ്പന്നരായ യുവാക്കളെ (സ്ത്രീ/പുരുഷൻ) അതത് പ്രദേശത്തുനിന്നു തന്നെ തെരഞ്ഞെടുത്ത്, ട്യൂട്ടറായി പരിശീലനം നൽകി, ഓണറേറിയം വ്യവസ്ഥയിൽ ഫെസിലിറ്റേറ്ററായും സോഷ്യൽ വർക്കറായും പ്രവർത്തിക്കുന്നതിനായി നിയോഗിക്കുന്നതാണ്. ഇന്റർനെറ്റ് സൗകര്യങ്ങളോടു കൂടിയ കമ്പ്യൂട്ടർ, ഫർണിച്ചർ, വായന സാമഗ്രികൾ തുടങ്ങിയ സൗകര്യങ്ങൾ ഇവിടെത്തന്നെ ഒരുക്കുന്നതാണ്.

### (v) പട്ടികവർഗ്ഗക്കാർക്ക് കായിക പ്രോത്സാഹനം

സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, സ്പോർട്സ് അസോസിയേഷൻ, ദേശീയ അന്തർദേശീയ ഏജൻസികൾ എന്നിവയുമായി സഹകരിച്ച് പട്ടികവർഗ്ഗ കുട്ടികൾക്കും യുവജനങ്ങൾക്കുമിടയിൽ കല, കായിക

മത്സരങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ ഘടകത്തിന്റെ ലക്ഷ്യം.

## 3. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ

ഒൻപതാം ക്ലാസ്സിലും പത്താം ക്ലാസ്സിലും പഠിക്കുന്ന അർഹരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പുകൾ നൽകുന്ന പദ്ധതി 2022-23 വരെ 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായിരുന്നു. ഇപ്പോൾ ഇത് 75:25 എന്ന നിരക്കിലാണ് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും വഹിക്കുന്നത്. അതിനാൽ സ്കോളർഷിപ്പിന്റെ 25 ശതമാനം തുക സംസ്ഥാന സർക്കാർ നീക്കിവയ്ക്കേണ്ടതുണ്ട്. പ്രാഥമിക തലം മുതൽ സെക്കന്ററി തലം വരെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുകയാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശം.

## 4. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോസ്റ്റ്മെട്രിക് പഠിക്കുന്നതിന് സാമ്പത്തിക സഹായങ്ങളായി ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, ഹോസ്റ്റലുകളുടെ ചെലവുകൾ, പോക്കറ്റ് മണി, പ്രവേശനം തേടുന്ന വിദ്യാർത്ഥികൾക്ക് പ്രവേശന സമയത്ത് ഫീസ് അടയ്ക്കുന്നത് ഒഴിവാക്കുന്നതിന് ഫ്രീ ഷിപ്പ് കാർഡ് നൽകൽ തുടങ്ങിയവക്ക് ഈ പദ്ധതി പ്രകാരം സഹായം നൽകും.

## 5. വിദേശത്തും സംസ്ഥാനത്തിന് പുറത്തും പഠിക്കുന്നതിനുള്ള സ്കോളർഷിപ്പുകൾ

മെറിറ്റ്/സംവരണത്തിന്റെ അടിസ്ഥാനത്തിൽ വിദേശ സ്ഥാപനങ്ങളിൽ ഉപരിപഠനത്തിനായി പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് ഈ പദ്ധതിയിലൂടെ സ്കോളർഷിപ്പ് നൽകുവാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തിന് പുറത്തുള്ള സർവ്വകലാശാലകളിലും പ്രശസ്തമായ വിദേശ സർവ്വകലാശാലകളിലും ഉന്നത വിദ്യാഭ്യാസം നേടുന്ന പട്ടികവർഗ്ഗ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് ഈ പദ്ധതി സാമ്പത്തിക സഹായവും ലോജിസ്റ്റിക് പിന്തുണയും നൽകുന്നു.

## നൈപുണ്യം, തൊഴിൽ, സംരംഭകത്വം

## 6. പട്ടികവർഗ്ഗ യുവജനങ്ങൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം

പട്ടികവർഗ്ഗ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഉപജീവന മാർഗ്ഗത്തിനു വേണ്ടി സ്വയം തൊഴിൽ കണ്ടെത്തുന്നതിനും വ്യക്തികൾക്കും, സ്വയം സഹായ സംഘങ്ങൾക്കും സഹായം നൽകാൻ ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതിയാണിത്.

## 7. ഉന്നതി-സംരംഭകത്വ വികസന പരിപാടിയും സ്റ്റാർട്ടപ്പുകളും

വിദ്യാസമ്പന്നരായ പട്ടികവർഗ്ഗക്കാർക്കിടയിൽ സംരംഭകത്വവും സ്റ്റാർട്ടപ്പുകളും പ്രോത്സാഹിപ്പിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. പുതിയ നിക്ഷേപങ്ങൾ, ഗവേഷണം, വികസനം, വിപണനം, ബിസിനസ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള മറ്റ് പ്രവർത്തനങ്ങൾ എന്നിവയ്ക്കായി സംരംഭകർക്ക് സഹായം നൽകുന്നു.

## 8. വിംഗ്സ് (വ്യോമയാന മേഖലയിലെ നൈപുണ്യ വികസന പരിപാടി)

വ്യോമയാന മേഖലയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗക്കാർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള നൈപുണ്യ വികസന പരിശീലന പരിപാടിയാണ് വിംഗ്സ്.

## 9. പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം

പട്ടികവർഗ്ഗവിഭാഗക്കാരുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും നേരിട്ടുള്ള നിയന്ത്രണത്തിൽ ധാരാളം കൃഷി ഭൂമി നിലവിൽ ഉണ്ട്. പ്രകൃതി വിഭവങ്ങളാൽ സമ്പന്നമായ പ്രദേശങ്ങളിൽ കൃഷിയുടെയും അനുബന്ധ പ്രവർത്തനങ്ങളുടെയും വികസനത്തിന് വളരെയധികം സാധ്യതയാണുള്ളത്. ആധുനിക രീതിയിലുള്ള കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും അവർക്കിടയിൽ പ്രാവർത്തികമാക്കുകയാണെങ്കിൽ സുസ്ഥിരമായ പുതിയ വരുമാനദായക സാധ്യതകൾ സൃഷ്ടിക്കുന്നതിന് വളരെയധികം അവസരങ്ങളുണ്ട്. അതിലൂടെ പോഷകാഹാര പ്രശ്നങ്ങളും പരിഹരിക്കാം.

## 10. കേരള ട്രൈബൽ പ്ലസ് (എം.ജി.എൻ.ആർ.ഇ.ജി.എസ്.ന കീഴിലുള്ള അധിക തൊഴിൽ)

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധിക തൊഴിൽ നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിക്ക് കീഴിൽ കേരള ട്രൈബൽ പ്ലസ് പ്രോഗ്രാം (അധിക തൊഴിൽ ദിനങ്ങൾ) നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിലൂടെ, എം.ജി.എൻ.ആർ.ഇ.ജി.എസ് നൽകുന്ന 100 ദിവസ തൊഴിലിന് പുറമേ 100 ദിവസത്തെ അധിക തൊഴിൽ (ആകെ 200 ദിവസം) കൂടി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകുന്നു.

## 11. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനം

നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിന്റെ അംഗീകാരമുള്ള 5 ട്രേഡുകളിൽ പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുവേണ്ടി തിരുവനന്തപുരത്തും ഇടുക്കിയിലും രണ്ട് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, വ്യവസായ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവയുടെ പിന്തുണയോടെ കോഴ്സുകളും സ്ഥാപനവും നവീകരിക്കുന്നതിനുള്ള ഒരു പഠനം നിർദ്ദേശിക്കുന്നു. കൂടാതെ തിരുവനന്തപുരത്തും ഇടുക്കിയിലും പ്രവർത്തിക്കുന്ന തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പ് ചെലവുകൾ (യൂണിഫോം, പഠന ഉപകരണങ്ങൾ, സ്റ്റേഷനറി സാധനങ്ങൾ) നിർവ്വഹിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി.

## 12. പട്ടികവർഗ്ഗക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ സ്ഥാപനങ്ങളായ സഹകരണ ഫാമുകൾ, പട്ടികവർഗ്ഗ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ തുടങ്ങിയവയുടെ പുനരുജ്ജീവനത്തിനും അതുവഴി പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഉപജീവനമാർഗം ഉറപ്പാക്കുന്നതിനും സാമ്പത്തിക സഹായം നൽകുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

**സാമൂഹിക മേഖലയിലെ ഇടപെടലുകൾ**

**13. അടിയ, പണിയ, പ്രാക്തന ഗോത്രവർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി.**

പ്രാക്തന ഗോത്രവർഗ്ഗക്കാർക്കും മറ്റു ദുർബലരായ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങളും, ജീവനോപാധിയും നൽകുകയാണ് ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം.

**(I) അടിയ, പണിയ, മലപണ്ടാരം, പ്രാക്തന ഗോത്രവിഭാഗങ്ങൾ എന്നിവർക്കായുള്ള പ്രത്യേക പരിപാടി**

പാർശ്വവൽക്കരിക്കപ്പെട്ടവരുടേയും പ്രാക്തന ഗോത്രവിഭാഗത്തിൽപ്പെട്ടവരുടെയും (ചോലനായ്ക്കൻ, കാട്ടുനായ്ക്കൻ, കൊറഗ, കുറിച്യർ, കാടർ) വികസനത്തിനായി അവരുടെ മേഖല, ആവശ്യം എന്നിവ കണക്കിലെടുത്ത് പ്രത്യേക പദ്ധതി രൂപീകരണമാണ് ഈ ഘടകത്തിൽ വിഭാവനം ചെയ്തിരിക്കുന്നത്.

**(II) വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കായുള്ള പരിപാടികൾ**

വനത്തിലോ/പരിസരപ്രദേശങ്ങളിലോ ജീവിക്കുന്ന പട്ടികവർഗ്ഗ സമൂഹത്തിന് പ്രയോജനപ്പെടുന്ന തൊഴിലുകൾ നൽകി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**(III) അഗതി മന്ദിരം**

അട്ടപ്പാടി, മാനന്തവാടി (കുഴിനിലം), സുഗന്ധഗിരി (വയനാട്) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ വരുന്ന മൂന്ന് അഗതി മന്ദിരങ്ങളുടെ നടത്തിപ്പിനാവശ്യമായ ചെലവ് ഈ ഘടകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

**14. പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള സഹായം**

പ്രസ്തുത പദ്ധതിയുടെ കീഴിൽ അഞ്ച് ഉപപദ്ധതികളാണ് ഉള്ളത്.

**(i) പട്ടികവർഗ്ഗ യുവതികളുടെ വിവാഹ ധനസഹായം**

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രക്ഷിതാക്കൾക്ക് അവരുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുക എന്നതാണ് ഈ ഉപപദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. മാതാപിതാക്കൾക്ക് പട്ടികവർഗ്ഗ വികസനവകുപ്പ് വിവാഹ ധനസഹായം ഗ്രാന്റായാണ് നൽകുന്നത്.

**(II) സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള സഹായം**

വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന ആജീവനാന്ത പാരമ്പര്യ രോഗമാണ് സിക്കിൾസെൽ അനീമിയ. രോഗികൾക്ക് സർക്കാർ ഉത്തരവിനനുസരിച്ച് പ്രതിമാസ ധനസഹായം നൽകും. ഇതു കൂടാതെ, ഓരോ കുടുംബത്തിനും/വ്യക്തികൾക്കും ഉചിതമായ

ട്രേഡുകളിൽ വൈദഗ്ധ്യം നൽകിയ ശേഷം, അത്തരം രോഗികളുടെ ഉപജീവന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കാവുന്ന പദ്ധതികളെ അടിസ്ഥാനമാക്കി ഒറ്റത്തവണ സഹായം നൽകും.

**(III) <u>ജനനി ജന്മരക്ഷ പദ്ധതി</u>**

പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ വികസനത്തിലെ പ്രധാന ആശങ്കകളിലൊന്ന് അമ്മയുടെയും കുഞ്ഞിന്റെയും പോഷകാഹാര പ്രശ്നങ്ങളുമായി ബന്ധപ്പെട്ടതാണ്. മതിയായ വരുമാനത്തിന്റെ അഭാവമാണ് പട്ടികവർഗ്ഗ സ്ത്രീകൾക്കിടയിൽ മാതൃത്വത്തിനു മുമ്പും ശേഷവുമുള്ള പരിചരണം അപര്യാപ്തമാകുന്നതിനുള്ള പ്രധാന കാരണം. ഗർഭാവസ്ഥയുടെ മൂന്നാം മാസം മുതൽ കുട്ടിക്ക് ഒരു വയസ്സ് തികയുന്നതു വരെ 18 മാസത്തേക്ക് പ്രതിമാസം 2000/- രൂപ നിരക്കിൽ സമയബന്ധിതമായ സാമ്പത്തിക സഹായം നൽകുന്നതിന് ഈ ഉപപദ്ധതി ലക്ഷ്യമിടുന്നു.

**(IV) <u>പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്കുള്ള സാമ്പത്തിക സഹായം</u>**

പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്ക് 10,000 രൂപ വാർഷിക ഗ്രാന്റായി ഈ ഘടകം വഴി നൽകുന്നു. കിർത്താഡ്സിന്റെ സഹായത്തോടുകൂടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. തുക ഡി.ബിറ്റി സംവിധാനം വഴി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറും. പട്ടികവർഗ്ഗവികസന വകുപ്പ് മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്.

(V) **<u>ഗോത്ര വാത്സല്യ നിധി (പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് എൻഡോവ്മെന്റ് പരിപാടി</u>**

പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് സാമൂഹികവും സാമ്പത്തികവുമായ സുരക്ഷിതത്വം നൽകുകയും അതുവഴി ജനനം മുതൽ അവളുടെ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ സമഗ്രമായ വികസനം കൈവരിക്കാൻ സഹായിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

**15. <u>ഭക്ഷണത്തിനുള്ള സഹായം/ഭക്ഷ്യസുരക്ഷയ്ക്കുള്ള പരിപാടി</u>**

പട്ടികവർഗ്ഗക്കാർക്കിടയിലെ ദാരിദ്ര്യം, പോഷകാഹാരക്കുറവ് എന്നിവ ഇല്ലാതാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പട്ടികവർഗ്ഗ മേഖലയിൽ ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്.

**<u>16. സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ സംരക്ഷണം</u>**

**(I) <u>ആരോഗ്യ പരിപാലന സ്ഥാപനങ്ങളുടെ നടത്തിപ്പ്</u>**

പട്ടികവർഗ്ഗ വികസന വകുപ്പ് അട്ടപ്പാടി (2 ക്ലിനിക്കുകൾ), ചാലക്കുടി (1 ക്ലിനിക്ക്), ഇടുക്കി (2 ക്ലിനിക്കുകൾ) എന്നിവിടങ്ങളിലെ വിദൂര പട്ടികവർഗ്ഗ മേഖലകളിൽ അഞ്ച് അലോപ്പതി ഔട്ട്പേഷ്യന്റ് ക്ലിനിക്കുകൾ നടത്തുന്നു. ഈ സ്ഥാപനങ്ങൾ വഴി പ്രതിവർഷം 24,000 ത്തിലധികം പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് സഹായം നൽകുന്നു.

**(II) <u>ആശുപത്രികൾ വഴിയുള്ള മെഡിക്കൽ സഹായം</u>**

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലൂടെ പട്ടികവർഗ്ഗ വിഭാഗത്തിന് വൈദ്യ സഹായം ലഭ്യമാക്കുന്നത് ഈ ഘടകം വിഭാവനം ചെയ്യുന്നു.

സിക്കിൾസെൽ അനീമിയ, ടി.ബി, ക്യാൻസർ, ഹൃദയം/വൃക്ക/മസ്തിഷ്ക സംബന്ധമായ അസുഖങ്ങൾ, ജലജന്യ രോഗങ്ങൾ തുടങ്ങി വിവിധ രോഗബാധിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സംസ്ഥാനത്തെ അംഗീകൃത ആശുപത്രികൾ മുഖേന ചികിൽസാ സഹായം ലഭ്യമാക്കുന്നതിനും പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന തുക വിനിയോഗിക്കാവുന്നതാണ്.

**(III) <u>പട്ടികവർഗ്ഗ ആശ്വാസ നിധി</u>**

പ്രകൃതി ദുരന്തങ്ങളും വിവിധ രോഗങ്ങളും ബാധിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് സാമ്പത്തിക സഹായം നൽകുകയാണ് ഈ ഘടകത്തിന്റെ ഉദ്ദേശം. മാരക രോഗങ്ങളായ ക്യാൻസർ, ഹൃദയം/വൃക്ക/മസ്തിഷ്ക സംബന്ധമായ അസുഖങ്ങൾ എന്നിവകൊണ്ട് കഷ്ടത അനുഭവിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പട്ടികവർഗ്ഗക്കാർക്ക് സാമ്പത്തിക സഹായം നൽകുന്നു.

**(iV) <u>ആരോഗ്യ വിദ്യാഭ്യാസ പരിപാടികളും തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരി വിരുദ്ധ പ്രചരണ പരിപാടികളും സംഘടിപ്പിക്കുക.</u>**

മദ്യപാനം, പുകവലി, പുകയില ഉല്പന്നങ്ങളായ പാൻപരാഗ് തുടങ്ങിയവയ്ക്കെതിരായുള്ള ബോധവൽക്കരണവും, ക്ലാസുകളും, മെഡിക്കൽ ക്യാമ്പും, മുതിർന്നവർക്കായി പ്രത്യേക ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകളും ആരോഗ്യ, എക്സൈസ് വകുപ്പുകളുമായി സഹകരിച്ച് മെഡിക്കൽ ക്യാമ്പുകളിലൂടെയും ആരോഗ്യ വിദ്യാഭ്യാസ സെഷനുകളിലൂടെയും നടത്തുവാൻ ഉദ്ദേശിക്കുന്നു.

**(V) <u>പോഷകാഹാരക്കുറവ്, ശിശുമരണ, മാതൃമരണ നിരക്കുകൾ എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ സ്ഥാപനങ്ങളുടെ രൂപീകരണം</u>**

ഗുരുതര പോഷകാഹാരക്കുറവുള്ള പട്ടികവർഗ്ഗ മേഖലകളിൽ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ് ഉപയോഗപ്പെടുത്തിക്കൊണ്ട് പോഷകാഹാര പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

**(VI) <u>നഗറുകളിൽ ഗോത്രവർഗ പാരാമെഡിക്കലുകൾ</u>**

പട്ടികവർഗ്ഗ സമുദായങ്ങളിൽ നിന്നുള്ള ഗോത്ര ഭാഷ അറിയാവുന്ന പാരാമെഡിക്കൽ കോഴ്സുകൾ, പ്രത്യേകിച്ചും ജനറൽ നഴ്സിംഗ്, മിഡ് വൈഫറി പഠിച്ചവർ ഇത്തരം സ്ഥലങ്ങളിൽ ജോലി ചെയ്യാൻ തയ്യാറാണെങ്കിൽ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കും.

**(VII) <u>മൊബൈൽ മെഡിക്കൽ ക്ലിനിക്കുകളുടെ നടത്തിപ്പ്</u>**

പട്ടികവർഗ്ഗ മേഖലയ്ക്കായി മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ/ക്ലിനിക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ക്ലിനിക്കുകൾ അടുത്തുള്ള പി.എച്ച്.സികൾ, സി.എച്ച്.സികൾ, താലൂക്ക് ആശുപത്രികൾ, മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ എന്നിവയുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്.

**(VIII) ഡിജിറ്റലായി ബന്ധിപ്പിച്ച പട്ടികവർഗ്ഗ നഗറുകളിലൂടെ ആരോഗ്യ ശാക്തീകരണം**

കേരളത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്കിടയിലെ സ്തനാർബുദം, ഓറൽ ക്യാൻസർ, സർവിക്കൽ ക്യാൻസർ എന്നിവ പ്രരംഭഘട്ടത്തിൽ കണ്ടെത്തി തടയുന്നതിനായി ആർ.സി.സിയും സി-ഡാക്കും സംയുക്തമായി വികസിപ്പിച്ച ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഓട്ടോമേറ്റഡ് സെർവിക്കൽ ക്യാൻസർ സ്ക്രീനിംഗ് സംവിധാനം ഉപയോഗിച്ച് വയനാട്ടിലെ നല്ലൂർനാട് ആശുപത്രിയിൽ ബ്രാച്ചിതെറാപ്പി സൗകര്യം (ഉപകരണങ്ങൾ ഉൾപ്പെടെ) സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണ് ഇത്.

**(IX) കാറ്റാടി (കേരള ആക്സിലറേറ്റഡ് ട്രൈബൽ എബിലിറ്റി ഡെവലപ്മെന്റ് ആൻഡ് ഇൻക്ലൂഷൻ ഇനീഷ്യേറ്റീവ്**

ഭിന്നശേഷിയുള്ള പട്ടികവർഗക്കാർക്ക് അവരുടെ വൈകല്യങ്ങൾ മറികടക്കാൻ വീൽചെയറുകളും ശ്രവണസഹായികളും ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം.

**17. ഭവന നിർമ്മാണം-അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണം**

ലൈഫ് മിഷൻ പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് പട്ടികവർഗ്ഗ വികസന വകുപ്പ് മുൻ വർഷങ്ങളിൽ ഏറ്റെടുത്ത വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും തകർന്ന വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

**(I) പൂർത്തിയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണം.**

മുൻ വർഷങ്ങളിൽ അനുവദിച്ചതും ലൈഫ് മിഷനിൽ ഉൾപ്പെടാത്തതുമായ വീടുകൾ പൂർത്തിയാക്കുന്നതിനുവേണ്ട ധനസഹായം/ശേഷിക്കുന്ന ഗഡുക്കൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

**(II) സേഫ് (സെക്യൂർ അക്കോമഡേഷൻ ആൻഡ് ഫെസിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം) & ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾ/നവീകരണം**

ജീർണിച്ച വീടുകൾ നവീകരിക്കുന്നതിനും പൂർത്തിയാകാത്ത വീടുകളുടെ നിർമാണം പൂർത്തിയാക്കുന്നതിനുമാണ് സേഫ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്.

**18. ഭവനരഹിത പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണം (ലൈഫ് മിഷൻ)**

കേരള സർക്കാരിന്റെ നവകേരളം കർമ്മപദ്ധതിയിൽ പ്രഖ്യാപിച്ച നാല് ദൗത്യങ്ങളിൽ ഒന്നാണ് ലൈഫ് മിഷൻ (Livelihood Inclusion and Financial Empowerment). ഭവനരഹിതർക്ക് വീടും അനുബന്ധ സൗകര്യങ്ങളും നൽകിക്കൊണ്ട് അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനാണ് ഈ പദ്ധതി ലക്ഷ്യം വച്ചിട്ടുള്ളത്.

## 19. പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിലെ നിർണ്ണായക വിടവ് നികത്തൽ പദ്ധതി (കോർപ്പസ് ഫണ്ട്)

വാർഷിക പദ്ധതിയിൽ ട്രൈബൽ സബ് പ്ലാൻ സ്കീമുകളിൽ ഉണ്ടാകാവുന്ന നിർണ്ണായകമായ വിടവ് നികത്തുന്നതിനാണ് കോർപ്പസ് ഫണ്ട് ഉപയോഗിക്കുന്നത്. ഉപജീവന വികസനം, അടിസ്ഥാന ആവശ്യങ്ങൾ, സാമ്പത്തിക വികസനം മുതലായവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രോജക്ടാധിഷ്ഠിത സമീപനമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്.

## 20. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി

### (I) അടിസ്ഥാന സൗകര്യങ്ങൾ

സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് അടിയന്തിരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, സ്ത്രീകളുടെയും കുട്ടികളുടെയും അടിസ്ഥാന ആവശ്യങ്ങൾ എന്നിവ നിറവേറ്റുന്നതിനാണ് ഈ തുക അനുവദിച്ചിരിക്കുന്നത്.

### (II) കുടുംബം/സെറ്റിൽമെന്റ് അടിസ്ഥാനമാക്കിയുള്ള മൈക്രോ പ്ലാൻ നടപ്പിലാക്കൽ

പട്ടികവർഗ്ഗക്കാർക്കിടയിലെ വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്, കുടുംബം/സെറ്റിൽമെന്റ് അടിസ്ഥാനമാക്കിയുള്ള സൂക്ഷ്മതല പദ്ധതികൾ തയ്യാറാക്കേണ്ടത് അത്യാവശ്യമാണ്. ഇതിനായി പങ്കാളിത്ത ഗ്രാമീണ മൂല്യനിർണ്ണയ ടൂളുകൾ ഉപയോഗിച്ച് ഓരോ കുടുംബത്തിനും ഒരു മൈക്രോ പ്ലാൻ എന്ന അടിസ്ഥാനത്തിൽ പദ്ധതി രൂപീകരിക്കും.

## 21. ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (റ്റി.ആർ.ഡി.എം)

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമി, പരമാവധി അഞ്ചേക്കർ വരെ നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം. ഒരേക്കറിൽ കുറവ് ഭൂമി കൈവശമുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമിയെങ്കിലും ലഭിക്കുന്നതിന് അർഹതയുണ്ട്. പുനരധിവസിപ്പിച്ച പട്ടികവർഗ്ഗക്കാർക്കുള്ള നിരവധി വികസന പ്രവർത്തനങ്ങൾ ഈ പദ്ധതിയിലൂടെ നടപ്പാക്കുന്നതാണ്.

## 22. പൂൾഡ് ഫണ്ട്-പട്ടികവർഗ്ഗ ഉപപദ്ധതിയിൽ മറ്റ് വകുപ്പുകൾ നിർദ്ദേശിക്കുന്ന പ്രത്യേക പ്രോജക്ടുകൾക്കായുള്ള ഫണ്ട്

ഈ പദ്ധതിയിലൂടെ പട്ടികവർഗ്ഗക്കാരുടെ യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹരിക്കുന്നതിന് മറ്റ് വകുപ്പുകളുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുന്നത് ലക്ഷ്യം വയ്ക്കുന്നു. പട്ടികവർഗ്ഗ സമൂഹത്തിന്റെ ക്ഷേമത്തിനു വേണ്ടി സർക്കാർ വകുപ്പുകളോ/ സ്ഥാപനങ്ങളോ/ഏജൻസികളോ/എൻ.ജി.ഒ-കളോ നിർദ്ദേശിക്കുന്ന പ്രത്യേക പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുകയാണിത്.

## 23. ഇടമലക്കുടി സമഗ്ര വികസന പാക്കേജ്

സംസ്ഥാനത്തെ ആദ്യ പട്ടികവർഗ്ഗ ഗ്രാമപഞ്ചായത്തായ ഇടമലക്കുടി ഒട്ടേറെ വികസന പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. മെച്ചപ്പെട്ട പാർപ്പിടം, കുടിവെള്ളം, വൈദ്യുതി, റോഡ്, കണക്റ്റിവിറ്റി, വിദ്യാഭ്യാസം, ആരോഗ്യ സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ലഭ്യമാക്കുക എന്നത് പരമ്പരാഗത വികസന മാതൃകകൾ കൊണ്ട് എളുപ്പമുള്ള കാര്യമല്ല. അതിനാൽ ഇടമലക്കുടിയുടെ പ്രശ്നം പരിഹരിക്കുന്നതിനും വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ഒരു പ്രത്യേക ലക്ഷ്യ പരിപാടി ആവശ്യമാണ്. ഇടമലക്കുടിയുടെ വികസനത്തിന്റെ ആവശ്യങ്ങളും അവ നിറവേറ്റുന്നതിനു വേണ്ട വിഭവങ്ങളും തമ്മിലുള്ള വിടവ് നികത്തുന്നതിനാണ് ഈ പദ്ധതി.

അനുബന്ധം III

# Annexure III

## SCHEULED TRIBE DEVELOPMENT DEPARTMENT

**Financial year -2023-24**

**Scheme wise - Centrally Sponsored Schemes**

| *Sl No* | *Scheme Name* | *GOI released* |
|---|---|---|
| 1 | Enforcement of Prevention of Atrocities Act 1989 ( 50% State Share )-XXV-2225-02-800-68 (01) | 60.70 |
| 2 | Development of Primitive Tribal Group-XXV-2225-02-794-92 | 0 |
| 3 | PM-JANMAN | 226.69 |
| 4 | Grant-in-Aid to Kerala State Federation of SCs/ST/s Development Co-operative Ltd-XXV-2225-80-195-99 | 0 |
| 5 | Implementation of Scheduled Tribes and other Traditional Forest Dwellers (Recognition of Forest Right) Act,2006 under Article 275 (1).-XXV-2225-02-283-86 | 0 |
| 6 | Construction of Ashramam Schools and Model Residential Schools (50% CSS)-[XXV] 4225-02-277-51 | 0 |
| 7 | Construction of Model Residential Schools (under Article 275(1)) (100% CSS)-XXV-4225-02-277-40 | 0 |
| 8 | Multi Purpose Hostel for Scheduled Tribes-XXV-4225-02-800-89 | 0 |
| 9 | Post matric Scholarship for Scheduled TribeStudents (75 % CSS) - 75% Central Share-XXV-2225-02-277-29 (01) | 931.95 |
| 10 | Development Schemes under Grant-in-Aid under Article 275 (1)-XXV-2225-02-102-75 | 1910.44 |
| 11 | Pre-matric Scholarship for Scheduled Tribes Students (75% CSS) - 75% Central Share-[XXV] 2225-02-277-26(01) | 190.63 |
| 12 | Pradhan Mantri Adi Adarsh Gram Yojan (SCA to TSS) (100% CSS)-[XXV] 2225-02-794-90 | 61.19 |
| **TOTAL** | | **3381.6** |

അനുബന്ധം IV

## Annexure IV

## SCHEDULED TRIBE DEVELOPMENT DEPARTMENT

### PLAN PROGRESS REPORT AS ON 31.03.2024

### Scheme wise - State Schemes Including State share of OCSS

### Financial year -2023-24

| Sl No | Scheme Name | Total Outlay (in Lakhs) | Total Expenditure - Treasury(in Lakhs) | % of Expenditure (Treasury) |
|---|---|---|---|---|
| 1 | Enforcement of Prevention of Atrocities Act 1989 ( 50% State Share )-XXV-2225-02-800-68(02) | 100 | 52.53 | 52.53 |
| 2 | Enforcement of Prevention of Atrocities Act 1989 ( 50% State Share ) - 50% State Share-[III] 2014-00-103-94(02) | 15 | 0 | 0.00 |
| 3 | IEC Project (Information, Education and Communication - Publicity Wing )-XXV-2225-02-277-39 | 300 | 111.88 | 37.29 |
| 4 | Modernisation of Tribal Development Department-XXV-2225-02-001-97 | 280 | 188.36 | 67.27 |
| 5 | Implementation of Kerala State Restriction of Transfer of Lands and Restoration of Alinated Land act-XXV-2225-02-800-66 | 1 | 0 | 0.00 |
| 6 | Food Support Programme-XXV-2225-02-102-92 | 2500 | 1257.25 | 50.29 |
| 7 | Post Matric Hostels for Tribals-XXV-2225-02-277-73 | 300 | 306.04 | 102.01 |
| 8 | Improving facilities in Tribal Hostels-XXV-2225-02-277-52 | 500 | 330.86 | 66.17 |
| 9 | Improving facilities in Tribal Hostels-4225-2-277-43(0) | 202 | 122.03 | 60.41 |
| 10 | Resettlement of Landless Tribals-XXV-2225-02-283-90 | 4500 | 2602.71 | 57.84 |
| 11 | Pooled Fund for special Projects proposed by other Departments under TSP.-XXV-2225-02-102-90 | 200 | 17.24 | 8.62 |
| 12 | Running of Ashramam School / Model Residential Schools.-XXV-2225-02-277-49 | 5500 | 6156.83 | 111.94 |
| 13 | Construction of Ashramam Schools and Model Residential Schools (50% CSS)-[XXV] 4225-02-277-51 | 0 | 0 | 0.00 |
| 14 | Assistance for Self employment and Skill Development training to ST youths-XXV-2225-02-277-42 | 1000 | 587.22 | 58.72 |
| 15 | CRITICAL GAP FILLING SCHEME(CORPUS FUND)-XXV-2225-02-102-93 | 4500 | 3406.78 | 75.71 |
| 16 | ASSISTANCE TO TRIBAL WELFARE INSTITUTIONS-XXV-2225-02-102-91 | 250 | 120.74 | 48.30 |
| 17 | TRIBAL PROMOTERS-XXV-2225-02-102-89 (1) | 1913 | 1742.05 | 91.06 |
| 18 | ORGANIZATION OF ORUKOOTTAMS-XXV-2225-02-102-89 (2) | 250 | 34.88 | 13.95 |
| 19 | HONORARIUM TO MANAGEMENT TRAINEES AND HEALTH MANAGEMENT TRAINEES-XXV-2225-02-102-89 (3) | 130 | 112.82 | 86.78 |
| 20 | HONORARIUM TO COUNSELORS ENGAGED IN THE HOSTELS AND MRS-XXV-2225-02-102-89 (4) | 150 | 71.08 | 47.39 |
| 21 | ENGAGING SOCIAL WORKERS IN TRIBAL WELFARE-XXV-2225-02-102-89 (5) | 192 | 175.48 | 91.40 |
| 22 | SPECIAL INCENTIVE TO BRILLIANT STUDENTS-XXV-2225-02-277-40 (1) | 100 | 64.47 | 64.47 |

| | | | | |
|---|---|---|---|---|
| 23 | AYYANKALI MEMORIAL TALENT SEARCH AND DEVELOPMENT-XXV-2225-02-277-40 (2) | 85 | 39.46 | 46.42 |
| 24 | ASSISTANCE FOR STUDY TOUR TO SCHOOLS AND COLLEGE GOING STUDENTS-XXV-2225-02-277-40 (3) | 50 | 31.84 | 63.68 |
| 25 | ASSISTANCE TO ORPHANS-XXV-2225-02-277-40 (4) | 190 | 144.59 | 76.10 |
| 26 | SUPPLY OF LAPTOP TO STUDENTS-XXV-2225-02-277-40 (6) | 450 | 299.08 | 66.46 |
| 27 | COMPREHENSIVE TRIBAL HEALTH CARE-XXV-2225-02-282- | 3000 | 2273.28 | 75.78 |
| 28 | HOUSE TO HOUSELESS-XXV-2225-02-283-89 | 5720 | 3900.4 | 68.19 |
| 29 | Financial Assistance to Traditional Tribal Healers-XXV-2225-02-277-36 | 40 | 24.1 | 60.25 |
| 30 | Assistance for Sickle-cell Anemia patients-XXV-2225-02-282-92 | 250 | 201 | 80.40 |
| 31 | Assistance to Marriage of ST girls-XXV-2225-02-102-94 | 600 | 432 | 72.00 |
| 32 | Janani-Janma Raksha-XXV-2225-02-282-89 | 1700 | 1173.95 | 69.06 |
| 33 | Special Programme for Adiyas,Paniyas,PVTGs and Tribes living in forest-XXV-2225-02-102-86 | 200 | 105.68 | 52.84 |
| 34 | Promotion of Education among Scheduled Tribes-XXV-2225-02-277-35 | 3000 | 2906.08 | 96.87 |
| 35 | Integrated Sustainable Development of Scheduled Tribe Population in Identified Locations/Settlements (ATSP Fund/Special Package)-XXV-2225-02-102-85 | 5000 | 726.55 | 14.53 |
| 36 | WAYANAD GOTHRA BHASHA KALA PADANA KENDRA-XXV-2225-02-277-32 | 5 | 2.65 | 53.00 |
| 37 | GOTHRA VALSALYA NIDHI-XXV-2225-02-102-76 | 100 | 0 | 0.00 |
| 38 | GOTHRA BANDHU-XXV-2225-02-102-89 (06) | 600 | 397.25 | 66.21 |
| 39 | Post matric Scholarship for scheduled Tribe Students (75 % CSS) - 25% State Share-XXV-2225-02-277-29 (02) | 875 | 1873.15 | 214.07 |
| 40 | Housing Scheme for the Homeless STs Under Life mission-XXV-4225-02-283-99 | 14000 | 2500 | 17.86 |
| 41 | CONSTRUCTION OF MODEL RESIDENTIAL/ASHRAM SCHOOLS/EKALAVYA MODEL RESIDENTIAL SCHOOLS/PREMATRIC AND POST MATRIC HOSTELS IN TRIBAL AREA-XXV-4225-02-277-42 | 400 | 209.79 | 52.45 |
| 42 | VOCATIONAL TRAINING INSTITUTE-XXV-2225-02-277-28 | 80 | 74.8 | 93.50 |
| 43 | Agriculture Income Initiative for Scheduled Tribes-XXV-2225-02-102-74 | 850 | 491.55 | 57.83 |
| 44 | Kerala Tribal Plus (Additional Wage Employment under MGNREGS)-XXV-2225-02-102-72 | 3500 | 2854.95 | 81.57 |
| 45 | Edamalakkudi Comprehensive Development Package-XXV-2225-02-102-71 | 300 | 157 | 52.33 |
| 46 | Edamalakkudi Comprehensive Development Package-XXV-4225-02-102-96 | 300 | 0 | 0.00 |
| 47 | Pre-matric Scholarship for Scheduled Tribes Students (75% CSS) - 25% State Share-[XXV] 2225-02-277-26(02) | 93.75 | 63.54 | 67.78 |
| | TOTAL | 64271.75 | 38343.94 | 59.66 |

# അനുബന്ധം-V

പട്ടികവർഗ്ഗ വിഭാഗക്കാരായ സ്കൂൾ കുട്ടികൾക്കും കോളേജ് വിദ്യാർത്ഥികൾക്കും ഉന്നത വിദ്യാഭ്യാസം ചെയ്യുന്ന വിദ്യാർത്ഥികൾക്കും വേണ്ടി നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

## 1. പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി

നഴ്സറിതലം മുതൽ എസ്.എസ്. എൽ. സി. വരെ പഠനം നടത്തുന്ന കുട്ടികൾക്ക് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ് എന്നിവ നൽകുന്നു.

## 2. പ്രീമെട്രിക് -സ്കോളർഷിപ്പ് പദ്ധതി -9,10 ക്ലാസുകളിൽ (75% കേന്ദ്രാവിഷ്കൃത പദ്ധതി)

9,10 ക്ലാസുകളിൽ പഠിക്കുന്നതും കുടുംബ വാർഷിക വരുമാനം 2.5 ലക്ഷത്തിൽ താഴെയുള്ള വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യം കൂടാതെ കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും നൽകുന്നു. പ്രതിവർഷം 2250 രൂപ സ്കോളർഷിപ്പ് ഇനത്തിലും 750 രൂപ ബുക്ക്സ് തുടങ്ങിയ പഠനസാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റ് ഇനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 5250 രൂപയും 1000 രൂപയും നൽകുന്നു.

## 3. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി (75% കേന്ദ്രാവിഷ്കൃത പദ്ധതി)

പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ്സിന് മുകളിൽ പഠിക്കുന്നവർക്ക് 'പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് സ്കീം' എന്ന പദ്ധതി മുഖേന വിദ്യാഭ്യാസാനുകൂല്യം വിതരണം ചെയ്തു വരുന്നു. സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ളവർക്ക് സംസ്ഥാന സർക്കാരിന്റെ നിബന്ധനകൾ പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യവും കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ളവർക്ക് ടി സ്കീമിന്റെ കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള അർഹമായ വിദ്യാഭ്യാസാനുകൂല്യവും നൽകി വരുന്നു.

## 4. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി

സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ അഞ്ചാം ക്ലാസ് മുതലുള്ള തുടർ പഠനത്തിനുള്ള എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. സർക്കാർ എയ്ഡഡ് സ്കൂളുകളിലെ നാലാം ക്ലാസ് വിദ്യാർത്ഥികളെ ഒരു മത്സര പരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് പത്താം ക്ലാസു വരെ സ്കോളർഷിപ്പ് നൽകുകയും ബോധതലം ഉയർത്താൻ സെമിനാർ നടത്തുകയും ചെയ്യുന്നു.

## 5. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം

അക്കാദമിക് - കലാ-കായിക മത്സരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന ഒരു പദ്ധതിയാണിത്. എസ്.എസ്. എൽ. സി., +2 പഠിക്കുന്ന കുട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 3000/- രൂപയും, ബിരുദം, ബിരുദാനന്ത ബിരുദം എന്നീ പരീക്ഷകളിൽ ഒന്നാം ക്ലാസിൽ പാസ്സാകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യഥാക്രമം 4500/- , 6000/- രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹന സമ്മാനം നൽകി വരുന്നു.

## 6. വിദേശപഠനത്തിനുള്ള ധനസഹായം

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവകലാശാലകളിൽ പോയി പഠനം നടത്തുന്നതിനുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

## 7. അന്യസംസ്ഥാന പഠനം

പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് മറ്റ് സംസ്ഥാനങ്ങളിൽ പഠനം നടത്തുന്നതിനായി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ് മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിച്ച് വരുന്നതും കുടുംബ വാർഷിക വരുമാനം രണ്ടരലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് വരുന്നു കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി സംസ്ഥാനത്തിന് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ച് വരുന്നു.

## 8. ലാപ്ടോപ്പ്

സർക്കാർ തെരഞ്ഞെടുത്തിട്ടുള്ള കോഴ്സുകളിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഐ.ടി. മേഖലയിലെ ഡിജിറ്റൽ ഡിവൈഡ് ലഘൂകരിക്കുന്നതിനായി സൗജന്യ ലാപ്ടോപ്പ് വിതരണ പദ്ധതി നടപ്പിലാക്കി വരുന്നു. നടപ്പ് വർഷം മുതൽ ടി പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് ഒറ്റ തവണ 30,000/- രൂപ സ്കോളർഷിപ്പ് നൽകുന്നതാണ്.

## 9. സിവിൽ സർവീസ് പരിശീലനം

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം, തൊഴിൽ, ഉന്നമനം എന്നിവ ലക്ഷ്യമാക്കി ഓരോ വർഷവും ഡിഗ്രി പരീക്ഷയിൽ 50% മാർക്ക് ലഭിച്ച വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് പരിശീലനം നൽകിവരുന്നു. 30 വയസ്സിനു താഴെ പ്രായമുള്ളവരും വാർഷിക വരുമാന പരിധി രണ്ടര ലക്ഷം രൂപയിൽ അധികരിക്കാത്തവരുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആവിഷ്കരിച്ചിട്ടുള്ള ഈ പദ്ധതിയിൽ ആദ്യഘട്ടത്തിൽ 50 -ഉദ്യോഗാർത്ഥികൾക്ക് ഓറിയെന്റേഷൻ ക്യാമ്പ് നടത്തുകയും അതിൽ എഴുത്തു പരീക്ഷയിലൂടെയും കൂടിക്കാഴ്ചയിലൂടെയും തെരഞ്ഞെടുക്കുന്ന 30 പേർക്ക് ഇന്ത്യയിലെവിടെയുമുള്ള മികച്ച പരിശീലന സ്ഥാപനങ്ങളിൽ പോയി പഠിക്കുന്നതിന് അവസരം ലഭിക്കുന്നതാണ്. 2022-23 ലാണ് ഇത്തരത്തിൽ ഒരു പദ്ധതി ആരംഭിച്ചത്. ഓറിയെന്റേഷൻ ക്യാമ്പിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് താമസം, ഭക്ഷണം, യാത്ര, പാഠപുസ്തകങ്ങൾ, ക്ലാസ്സുകൾ തുടങ്ങിയവ നൽകി വരുന്നു. തെരഞ്ഞെടുക്കപ്പെടുന്ന ഓരോ വിദ്യാർത്ഥികൾക്കും പഠനത്തിനായി പരമാവധി മൂന്ന് ലക്ഷം രൂപ സ്കോളർഷിപ്പ് ആയി അനുവദിച്ച് നൽകും.

## 10. കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ്

കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് പഠനത്തിന് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി വിംഗ്സ് എന്ന പദ്ധതി സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. 27/12/2022 ലെ സ. ഉ. (കൈ) നം.56/2022/SCSTD പ്രകാരം, തിരുവനന്തപുരം രാജീവ്ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ

ഓരോ അധ്യയനവർഷവും 2 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് സ്കോളർഷിപ്പ് അനുവദിച്ചു നൽകി വരുന്നു. തിരുവനന്തപുരം രാജീവ്ഗാന്ധി ഏവിയേഷൻ നടത്തുന്ന സുതാര്യമായ യോഗ്യത പരീക്ഷയിൽ മാർക്കിന്റെ അടിസ്ഥാനത്തിൽ ഉയർന്ന റാങ്കോട് കൂടി യോഗ്യത നേടുന്നവരിൽ ഏറ്റവും കുറവ് വരുമാനമുള്ള വിദ്യാർത്ഥികൾക്ക് മുൻഗണന നൽകി വരുന്നു. പരിശീലന കാലയളവിൽ പരിശീലനത്തിന്റെ പുരോഗതി വീക്ഷിച്ച ശേഷം മാത്രം ഘട്ടം ഘട്ടമായി സ്കോളർഷിപ്പ് തുക അനുവദിക്കുന്നതാണ്.

## 11. സാമൂഹ്യപഠനമുറി

പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നത് ലക്ഷ്യം വച്ച് സ്കൂളുകളിൽ നിന്നും നഗറുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് പഠനസൗകര്യവും, ലഘുഭക്ഷണവും ഒരുക്കുന്നതിനായി 2017-18 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതിയാണ് സാമൂഹ്യപഠനമുറി. സംസ്ഥാനത്ത് 364 സാമൂഹ്യപഠനമുറികൾ പ്രവർത്തിച്ച് വരുന്നുണ്ട്.

## 12. ഗോത്രബന്ധു പദ്ധതി

വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതിയാണ് "ഗോത്രബന്ധു". കൊഴിഞ്ഞു പോക്ക് പ്രധാനമായും ഉള്ള വയനാട്, പാലക്കാട്, മലപ്പുറം, ജില്ലകളിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 326 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്.

## 13. വിദ്യാവാഹിനി

വാഹന സൗകര്യം ലഭ്യമല്ലാത്ത ഒറ്റപ്പെട്ട പ്രദേശങ്ങളിലെ കുട്ടികൾക്ക് സ്കൂളിൽ എത്തുവാൻ പ്രയാസം നേരിടുന്നതിനാലും മതിയായ ഹോസ്റ്റൽ സൗകര്യം ഇല്ലാത്തതിനാലും സ്വന്തം നഗറുകളിൽ നിന്ന് സ്കൂളുകളിൽ പോയി വരുന്ന വിദ്യാർത്ഥികൾക്ക് സ്കൂളിൽ പോയി വരാൻ വാഹനസൗകര്യം അനുവദിച്ച് നൽകിയിരുന്ന പദ്ധതിയായ ഗോത്രസാരഥി പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി വിദ്യാവാഹിനി പദ്ധതിയായി പുനഃനാമകരണം ചെയ്ത് 2023-24 അദ്ധ്യയന വർഷം മുതൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.

## 14. രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം

പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയക്കുന്നതിന് ഓരോ അദ്ധ്യയന വർഷവും 75% ഹാജർ ഉള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രതിവർഷം 500 രൂപ പ്രോത്സാഹന ധനസഹായം നൽകുന്നു.